10% എം. ഡി. എ.-യായി നൽകുന്നു. കൂടാതെ കയർ ഭൂവസ്ത്രത്തിന്റെ പ്രചാരത്തിനായി ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ്, കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവയ്ക്ക് കയറ്റുമതിക്കും പ്രത്യേക എം. ഡി. എ.-യും നൽകിവരുന്നു. കയർമേഖലയിൽ ഗവേഷണ വികസനത്തിനായി ഒരു നാഷണൽ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനുള്ള നടപടികളെടുത്തുവരുന്നു.

കയർ തൊഴിലാളികൾക്ക് പെൻഷൻ

108 [1117] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിന് മാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) കയർത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിന് ദാരിദ്ര്യരേഖ ഒരു മാനദണ്ഡമായി നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത മാനദണ്ഡം മാറ്റി മുഴുവൻ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

ഉത്തരം

(എ) ഉണ്ട്. അറുപത് വയസ്സ് പൂർത്തിയായതോ പ്രായാധിക്യം കൊണ്ടുള്ള അവശത അനുഭവിക്കുന്നതോ പ്രവൃത്തിയെടുക്കാൻ കഴിയാത്തതോ ആയ നിധിയിലെ ഒരംഗത്തിന് അറുപത് വയസ്സ് തികഞ്ഞ സമയത്തോ അവശത അനുഭവിക്കുന്ന സമയത്തോ സാധുവായ അംഗത്വം ഉണ്ടായിരിക്കണം.

(ബി) ഇല്ല.

(സി) ബാധകമല്ല.

തൊണ്ട് സംഭരിക്കുന്നതിന് സംവിധാനം

109 [1118] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനകത്തുനിന്ന് തൊണ്ട് സംഭരിക്കാൻ പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു സ്ഥാപനം മുഖേന, എവിടെയെല്ലാമാണ് അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) മറ്റു വിശദാംശങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) സംസ്ഥാനത്തിനകത്ത് നിന്നോ പുറത്തുനിന്നോ തൊണ്ട്-ചകിരി സംഭരിക്കുന്നതിന് സഹായം നൽകുന്ന ഒരു പദ്ധതി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 200 ലക്ഷം രൂപ 2004-2005 വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. കൂടാതെ മഹിളാ കയർ യോജന പദ്ധതി പ്രകാരം സ്വയം സഹായ ഗ്രൂപ്പുകളായോ കുടുംബശ്രീ വഴിയോ തൊണ്ട് സംഭരിക്കുന്നതിനുള്ള ഒരു പദ്ധതി കയർ ബോർഡിന്റെയും പരിഗണനയിലുണ്ട്.

വന സംരക്ഷണത്തിനായുള്ള ജനകീയ സമിതികൾ

110 [1119] ശ്രീ. ഉമേഷ് ചള്ളിയിൽ:
„ എ. എൻ. രാജൻ ബാബു:
„ ജോണി നെല്ലൂർ:
„ കെ. കെ. ഷാജു:
„ ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന സംരക്ഷണത്തിനായി വന പ്രദേശത്തിന് സമീപത്തുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള ജനകീയ സമിതികൾ ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനപ്രദേശത്തിന് ഉള്ളിലും ചുറ്റുപാടിലും ജീവിക്കുന്ന തദ്ദേശീയ ജന വിഭാഗങ്ങളുടെ വനാശ്രിതത്വം കുറയ്ക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമാണ് ഇത്തരം സമിതികൾ ലക്ഷ്യമാക്കുന്നത്. ഇതിലേയ്ക്കായി ജനപങ്കാളിത്തത്തോടെ തയ്യാറാക്കിയ സൂക്ഷ്മാസൂത്രണരേഖ അടിസ്ഥാനമാക്കി വിവിധ പരിസ്ഥിതി വികസന പദ്ധതികളും സാമൂഹികവികസന പദ്ധതികളും ഇത്തരം സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കേരളത്തിൽ വനസംരക്ഷണ സമിതികൾ, ഇക്കോഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് ഇത്തരത്തിൽ പ്രവർത്തിക്കുന്ന സമിതികൾ.

കെ. എഫ്. ആർ. ഐ.-യുടെ ഗവേഷണം

111 [1120] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വനസംരക്ഷണവുമായി ബന്ധപ്പെട്ട എന്തെല്ലാം ഗവേഷണങ്ങൾക്കാണ് ഇപ്പോൾ രൂപം നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) വനസംരക്ഷണവുമായി ബന്ധപ്പെട്ടിട്ടുള്ള ഏതെല്ലാം വിഷയങ്ങളിലാണ് കൈ പുസ്തകങ്ങളും ചെക്ക് ലിസ്റ്റുകളും മറ്റ് ബുക്ക്ലെറ്റുകളും തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇവയുടെ ഓരോ പ്രതികൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly